# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 6469

11.07.2012 ന് മറുപടിയ്ക്ക്

## ടൈറ്റാനിയം അഴിമതി കേസന്വേഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി | |
| എ). | ടൈറ്റാനിയം അഴിമതി കേസന്വേഷണ സംഘത്തിലെ അംഗങ്ങൾ ആരൊക്കെയാണ്; അന്വേഷണം ആരംഭിച്ച ഘട്ടത്തിലുള്ള ആരൊക്കെയാണ് ഇപ്പോൾ സംഘത്തിൽ ഇല്ലാത്തതെന്ന് വ്യക്തമാക്കാമോ; | എ) | ടൈറ്റാനിയം അഴിമതിയുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം (വി.ഇ.30/2006/ എസ്.ഐ.യു-I) ആരംഭിച്ചതു മുതൽ ഇതുവരെയും ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരാണ് അന്വേഷണം നടത്തി വരുന്നത്. 7.4.2010 മുതൽ ശ്രീ.വി.അജയകുമാർ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടാണ് അന്വേഷണം നടത്തി വരുന്നത്. |
| ബി) | തിരുവനന്തപുരം പ്രത്യേക വിജിലൻസ് കോടതിയിൽ വിജിലൻസ് സംഘം നൽകിയ ഒടുവിലത്തെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | ബി) | കേസ് തിരുവനന്തപുരം പ്രത്യേക വിജിലൻസ് കോടതിയുടെ പരിഗണനയിൽ ആയതിനാൽ റിപ്പോർട്ടിന്റെ പകർപ്പ് ഇപ്പോൾ ലഭ്യമാക്കുവാൻ നിർവ്വാഹമില്ല. |
| സി | എത്ര സമയത്തിനകം അന്വേഷണം പൂർത്തിയാക്കാനാണ് കോടതി ആവശ്യപ്പെട്ടിട്ടുള്ളത് ; | സി) | 25.6.2012നകം അന്വേഷണം പൂർത്തിയാക്കാനാണ് കോടതി ആവശ്യപ്പെട്ടത്. |

| | | | |
|---|---|---|---|
| ഡി) | കേസിലെ മുഖ്യസാക്ഷി ചോദ്യം ചെയ്യലിനും മൊഴി നല്കാനും തയ്യാറാകാത്തതിന് കാരണങ്ങളായി വിജിലൻസിനെ അറിയിച്ചിരിക്കുന്ന സംഗതികൾ എന്തെല്ലാമാണ്; വിജിലൻസ് വകുപ്പ് ഇക്കാര്യം കോടതിയെ അറിയിച്ച് പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | ഡി) & ഇ) | കോടതിയുടെ പരിഗണനയിലുള്ള കേസായതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താനാകില്ല |
| ഇ) | കേസിൽ ആരോപിതനായ ആൾ മുഖ്യമന്ത്രിസ്ഥാനത്ത് തുടരുമ്പോൾ സത്യസന്ധമായ അന്വേഷണം നടക്കില്ലെന്നും ആയത് പ്രഹസനമായിരിക്കുമെന്നും ഏതെങ്കിലും സാക്ഷി അറിയിച്ചിട്ടുണ്ടോ ? | | |

സെക്ഷൻ ഓഫീസർ